പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143

6-3-2017 ലെ മറുപടിക്ക്

**യൂറോപ്യൻ യൂണിയനിലേക്കുള്ള പച്ചക്കറി കയറ്റുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>" എം.ഉമ്മർ<br>" എൻ.ഷംസുദ്ദീൻ<br>" പി.ഉബൈദുള്ള | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) യൂറോപ്യൻ യൂണിയനിലേക്ക് സംസ്ഥാനത്തു നിന്നുള്ള പച്ചക്കറി കയറ്റുമതിയിൽ മൂന്നു വർഷം മുമ്പ് ഏർപ്പെടുത്തിയ നിരോധനം കാർഷിക മേഖലയ്ക്ക് ഉണ്ടാക്കിയ ആഘാതം പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ ഭക്ഷ്യ കയറ്റുമതി വികസന ഏജൻസിയായ APEDA യുമായി പ്രശ്ന പരിഹാരത്തിന് ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ബി) നിരോധനത്തിനിടയാക്കിയ കാരണങ്ങൾ അപഗ്രഥിച്ചിട്ടുണ്ടോ; | (ബി) ഇൻഡ്യയിൽ നിന്നും ഇറക്കുമതിചെയ്യുന്ന ചില പഴം, പച്ചക്കറികൾക്ക് യൂറോപ്യൻ യൂണിയൻ 2014 May 1 മുതൽ വിലക്കേർപ്പെടുത്തിയിരുന്നു. ഇൻഡ്യയിൽനിന്നും കയറ്റി അയച്ച ഏതാനും ചില കൺസൈയിൻമെന്റുകളിൽ പുഴുക്കളുടെ സാന്നിധ്യം കണ്ടതിലാണ് ഇപ്രകാരം നിരോധനം വന്നത്. ഇപ്പോൾ നിരോധനം പിൻവലിച്ചിട്ടുണ്ട്. |
| (സി) നിലവിൽ നിരോധനത്തിൽ അയവുവരുത്തിയിട്ടുള്ള സാഹചര്യം പരമാവധി പ്രയോജനപ്പെടുത്താനും ഭാവിയിൽ നിരോധന സാഹചര്യം ഒഴിവാക്കാനും ആവശ്യമായ നടപടി | (സി) ഇൻഡ്യയിൽ നിന്നും കയറ്റി അയക്കുന്ന പഴം പച്ചക്കറികൾ കീടരഹിതമാണ് എന്ന് ഉറപ്പുവരുത്തുക എന്ന നടപടിയാണ് ഇപ്പോൾ ഭാരതസർക്കാർ സ്വീകരിച്ചിരിക്കുന്നത്. |

| | |
|---|---|
| സ്വീകരിക്കുമോ ? | അതിൻപ്രകാരം APEDA അംഗീകരിച്ച പാക്ക് ഹൗസുകൾ വഴിയാണ് കയറ്റുമതി അനുവദിക്കുന്നത്. ഈ പാക്ക് ഹൗസുകളിൽ വച്ച് നാഷണൽ പ്ലാന്റ് പ്രൊട്ടക്ഷൻ ഓർഗനൈസേഷൻ ഉദ്യോഗസ്ഥർ കയറ്റുമതി സാമ്പിൾ ശേഖരിച്ച് പരിശോധിക്കുകയും ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പായാൽ സർട്ടിഫിക്കേറ്റ് നൽകുകയും ചെയ്യും. ഈ സർട്ടിഫിക്കേറ്റ് പ്രകാരം മാത്രമാണ് കയറ്റുമതി ചെയ്യുന്നത്. സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള മൂവാറ്റുപുഴയിലെ വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രൊസസിംഗ് കമ്പനിയുടെ ഫാക്ടറിക്ക് ഇപ്രകാരം അംഗീകാരം ഉണ്ട്. APEDA യുടെ സഹായത്തോടെ VFPCK വയനാടിൽ പാക്ക് ഹൗസ് പ്രവർത്തന സജ്ജമാക്കി 2016 ഡിസംബർ മാസം ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പാലക്കാട് ജില്ലയിൽ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്. |

അണ്ടർ സെക്രട്ടറി.